# ബിഷപ്പ് ഫിലിപ്പോസ് മാർ ക്രിസോസ്റ്റം

തോമസ് ഫിലിപ്പ് റാന്നി

**ലോ**കത്തിന്റെ നാനാഭാഗങ്ങളിലായി ബിഷപ്പ് ക്രിസോസ്റ്റത്തിന്റെ ജന്മദിനാഘോഷങ്ങൾ നടന്നുകഴിഞ്ഞു. ഒരു നൂറ്റാണ്ട് ലോകത്തിൽ ജീവിച്ചിരിക്കുക എന്നുള്ളത് ചെറിയ കാര്യമല്ല, പ്രത്യുത ഒരു വലിയ സംഭവം തന്നെയാണത്.

100 വയസ്സ് പൂർത്തീകരിച്ച ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ മെത്രാപ്പോലീത്താ യുടെ ദീർഘായുസ്സിന്റെ രഹസ്യം എന്താകുന്നു? നന്മയല്ലാതെ മനസ്സാ കർമ്മാ യാതൊരു ദോഷവും ഒരു മനുഷ്യനും ചെയ്യാതെ സാധാരണക്കാരനായി ജീവിക്കുന്ന ഈ മനുഷ്യസ്നേഹിയെ ദൈവ ത്തിന് ഇഷ്ടമാണ് എന്നുള്ളതാണ് ഇതിന് കാരണം. ഈ ദൃശ്യമായ ജീവിത ദർശനങ്ങളുള്ള ആത്മീയ നേതാക്കന്മാർ ദുർലഭമാണിന്ന്. നിസ്വാർത്ഥനും നിഷ്കളങ്കനുമായി മറ്റുള്ളവർക്കു വേണ്ടി ജീവി ക്കുന്ന ഈ ദൈവവേലക്കാരന് ശത്രുക്കൾ ഇല്ലെന്ന് ആരും കരുതുകയും വേണ്ട. എന്നാൽ പ്രശ്ന ങ്ങളെയും പ്രതിസന്ധികളെയും ശത്രുക്കളെയും നേരിടാൻ തണലുമായി ദൈവകൃപ എന്നും കൂടെ യുണ്ട്. ഇവിടെ സോളമന്റെ വാക്കുകളെ നമുക്ക് ശ്രദ്ധിക്കാം. 'ഒരുത്തന്റെ വഴികൾ ദൈവത്തിന് ഇഷ്ടമായിരിക്കുമ്പോൾ, അവൻ അവന്റെ ശത്രുക്കളെയും അവനോട് ഇണക്കുന്നു.' ക്രിസോസ്റ്റം മാർത്തോമ്മാ മെത്രാപ്പോലീത്താ മറ്റൊന്നല്ല. ശത്രുക്കളെയും ഹൃദയംഗമമായി സ്നേഹിക്കുവാൻ പഠിച്ച ബിഷപ്പു തന്നെയാണ് ഫിലിപ്പോസ് മാർ ക്രിസോസ്റ്റം.

ഭക്തവല്ലഭനായ ഈ ബിഷപ്പിന്റെ ലളിത മനോഹരമായ പ്രസന്നതയ്ക്ക് കാരണമോ അന ന്യസാധാരണമായ അദ്ദേഹത്തിന്റെ ആർജ്ജവവും ആത്മശുദ്ധിയുമാകുന്നു എന്ന് ഞാനിവിടെ പ്രസ്താവിച്ചുകൊള്ളട്ടെ. സർവ്വജനഹൃദയാഹ്ലാദകമായ ഈ ആത്മശുദ്ധിയിൽ നിന്നും ഉരുത്തിരിഞ്ഞു വരുന്ന അദ്ദേഹത്തിന്റെ എല്ലാ കർമ്മങ്ങളിലും മനുഷ്യസേവനത്തിലും നന്മകളിലും ചിന്തകളിലും ചിരികളിലും നർമ്മബോധത്തിലുമൊക്കെ ദൈവം മുമ്പിലുണ്ട്.

മാർത്തോമ്മാ സഭയുടെയും, ജാതിമത സഭാഭേദമെന്യേ, മലയാളി സമൂഹത്തിന്റെയും മാന വികതയുടെയും വക്താവും ആയിരം പൂർണ്ണചന്ദ്രന്മാരെ കാണുകയും ചെയ്ത, കർമ്മകുശലനും സ്നിഗ്ദ്ധ ഹൃദയനുമായ ഈ നല്ല ഇടയന് സർവ്വേശ്വരന് ഇനിയും പല നല്ല സംവത്സരങ്ങൾ നൽകി, നന്മ കൊണ്ട് ലോകത്തെ അലങ്കരിക്കുവാൻ ഇടയാക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്തു കൊള്ളുന്നു.